Despatched on 05/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ AP No. 488(6)/2021 എസ്.ഐ.സി.

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.4570/എസ്.ഐ.സി–ജി 5/2021)**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി : 20.12.2021**

ശ്രീ. എം. വി. ഏലിയാസ്,
മണിയേലി വീട്,
തുരുത്തി പി.ഒ,
എറണാകുളം – 683 545 } അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   സ്റ്റേഷൻ ഹൗസ് ഓഫീസർ,
   മ്യൂസിയം പോലീസ് സ്റ്റേഷൻ,
   തിരുവനന്തപുരം സിറ്റി.
2. അപ്പീൽ അധികാരി ,
   പോലീസ് അസിസ്റ്റന്റ് കമ്മീഷണർ,
   പോലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസ്,
   കന്റോൺമെന്റ്, തിരുവനന്തപുരം സിറ്റി.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 16/12/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 23/01/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 06/02/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 22/03/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 03/04/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 03/04/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05/05/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 05/07/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 01/11/2021<br>ഗസ്റ്റ് ഹൗസ്, എറണാകുളം |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. എം. വി. ഏലിയാസ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി ടിയാൻ ആവശ്യപ്പെട്ട വിവരങ്ങളും രേഖ കളും ലഭ്യമാക്കിയില്ലെന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചുവെന്നും ആയതിനും തൃപ്തികരമായ മറുപടി ലഭ്യമായി ല്ലെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 16.12.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം. 260/2020 നമ്പർ കേസിൽ ആരുടെയെല്ലാം മൊഴികൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നും, അവരുടെ പേര്, വിലാ സം, മൊഴി രേഖപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഏത് ദിവസം രേഖപ്പെടുത്തിയെന്നും രേഖപ്പെടുത്തിയ മൊഴികളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും.

2) ടി നമ്പർ കേസുമായി ബന്ധപ്പെട്ട് എത്ര പ്രാവശ്യം കൃത്യം നടന്ന സ്ഥലത്ത് പോയി മഹസ്സർ തയ്യാറാക്കിയിട്ടുണ്ട് എന്നും, മഹസ്സറിന്റെ സാക്ഷ്യപ്പെ ടുത്തിയ പകർപ്പും, ഏത് ദിവസമാണ് രേഖപ്പെടുത്തിയതെന്നും

3) ടി നമ്പർ കേസുമായി ബന്ധപ്പെട്ട് എന്തെല്ലാം രേഖകൾ പരിശോധി ച്ചിട്ടുണ്ടെന്നും, ടി രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിങ്ങനെ 5 ഇന ങ്ങളിലായുള്ള വിവരങ്ങളാണ്.

3. ഹർജിക്കാരന്റെ 16.12.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എ തിർകക്ഷി 23.01.2021 ൽ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ടി അപ്പീലിൽ 22.03.2021 ൽ മറുപടി നൽകിയിട്ടുള്ളതുമാണ്.

RIGHT TO INFORMATION

4. രണ്ടാം എതിർകക്ഷി 01.07.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ 16.12.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 23.01.2021 ൽ മറുപടി നൽകിയിട്ടുള്ളതാണെന്നും ടി മറുപടി തൃപ്തികരമല്ലാത്തതിനാലാണ് ടിയാൻ അപ്പീൽ സമർപ്പിച്ചതെന്നും ടിയാൻ ആവശ്യപ്പെട്ടത് ടിയാനെതിരെ മ്യൂസിയം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയ ക്രൈം 260/2020 പ്രകാരമുള്ള കേസിനെ സംബന്ധിച്ച വിവരങ്ങളാണെന്നും, പരാതിക്കാരൻ ആവലാതിക്കാരിയെ വിവാഹ വാഗ്ദാനം നൽകി ലൈംഗികമായി പീഡിപ്പിച്ചു, ആവലാതിക്കാരിയിൽ നിന്നും പണം തട്ടിയെടുത്തു എന്ന ആവലാതിക്കാരിയുടെ മൊഴിയുടെ അടിസ്ഥാനത്തിലാണ് ടി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും ടി വിവരങ്ങൾ രണ്ടാം എതിർകക്ഷി ഓഫീസിൽ ലഭ്യമല്ലാത്തതിനാലാണ് ഒന്നാം എതിർകക്ഷി ഓഫീസിലേക്ക് അപേക്ഷ കൈമാറിയതെന്നും ആയതിന് ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമായിരുന്നതിനാലാണ് ടി മറുപടി അപേക്ഷകന് അയച്ചു കൊടുത്ത് അപ്പീൽ തീർപ്പാക്കിയതെന്നുമാണ്. ഒരു സ്ത്രീയെ ലൈംഗികമായി പീഢിപ്പിച്ചു വഞ്ചിച്ചതിൽ പ്രതിയാക്കപ്പെട്ട അപേക്ഷകൻ രേഖകൾ ദുരുപയോഗം ചെയ്തേക്കാമെന്നും ടി കേസ്സിലെ ആവലാതിക്കാരി സുഹൃത്തുമായി നടത്തിയ ഫോൺ സംഭാഷണം അപേക്ഷകൻ ചോർത്തിയെടുത്ത് ടിയാന്റെ ചാനലായ റാൻ ന്യൂസ് വഴി പ്രസിദ്ധപ്പെടുത്തിയതിലേക്ക് സൈബർ പോലീസ് സ്റ്റേഷൻ ക്രൈം 78/2020 പ്രകാരം ടിയാനെ പ്രതിയാക്കി കേസ് നിലവിലുള്ളതാണെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളിൽ നൽകാൻ കഴിയാവുന്ന വിവരങ്ങളും രേഖകളും ടിയാന് നൽകിയതായും റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികൾ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. ആയത് തൃപ്തികരമല്ലാത്തതിനാലാണ് ടിയാൻ കമ്മീഷനിൽ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. 01.11.2021 ൽ കമ്മീഷൻ എറണാകുളം ഗസ്റ്റ് ഹൗസിൽ വച്ച് നടത്തിയ ഹിയറിംഗിൽ ഇരുകക്ഷികളും ഹാജരായിരുന്നു. ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളിൽ അന്വേഷണത്തിന്റെ ഭാഗമായ രേഖകൾ വിവരാവകാശ നിയമം 8(1)(j) പ്രകാരം നൽകാൻ കഴിയില്ലെ

ന്നും കോടതി ഉത്തരവു പ്രകാരമേ നൽകാൻ കഴിയൂ എന്നും കൂടാതെ പ്രതിയായിരുന്ന ആൾ മീഡിയാ പേഴ്സൺ ആയതിനാൽ സ്ത്രീത്വത്തെ തന്നെ ബാധിക്കാൻ ഇടയുള്ളതുകൊണ്ടുമാണ് രേഖകൾ നൽകാത്തതെന്നുമാണ് ഹിയറിംഗിൽ പങ്കെടുത്ത എതിർകക്ഷിയുടെ മൊഴിയിൽ പറയുന്നത്. അന്വേഷണാവസ്ഥയിൽ തന്നെ കേസ് quash ചെയ്ത സാഹചര്യത്തിൽ ടിയാന് രേഖകൾ ലഭ്യമാക്കണം എന്നാണ് ഹർജിക്കാരന്റെ മൊഴിയിൽ പറയുന്നത്. ഹൈക്കോടതി FIR quash ചെയ്തതാണെങ്കിൽ തന്നെയും അന്വേഷണത്തിന്റെ വിശദ വിവരങ്ങളോ മൊഴിയോ മറ്റോ ഈ കേസിൽ നൽകാൻ കഴിയില്ല എന്ന എതിർകക്ഷിയുടെ തീർപ്പ് കമ്മീഷൻ ശരിവയ്ക്കുന്നു. ആയത് അപ്പീൽ ഹർജികക്ഷിയ്ക്ക് ബോധ്യമാകുന്നില്ല എങ്കിൽ കോടതിയെ സമീപിക്കാവുന്നതാണ് എന്ന് കമ്മീഷൻ നിരീക്ഷിച്ചു കൊണ്ട് അപ്പീൽ ഹർജിയിലെ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2021 ഡിസംബർ മാസം 20-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)
**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM •

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm